# 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1235** **10-10-2024 - ൽ മറുപടിയ്ക്ക്**

## കോഴിക്കോട് ജില്ലയിലെ ദേശീയപാത വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ ദേശീയപാതാ വികസനത്തിന് കാലതാമസം നേരിടുന്നവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോഴിക്കോട് ജില്ലയിലെ ദേശീയപാതകളിൽ NH66 ന്റെ വികസനം ദേശീയപാത അതോറിറ്റിയാണ് നടപ്പിലാക്കുന്നത്. കോഴിക്കോട് ജില്ലയിലെ ദേശീയപാതാ 66 ന്റെ വികസനത്തിന്റെ പുരോഗതി അനുബന്ധമായി ചേർക്കുന്നു.<br><br>പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് കൃത്യമായ ഇടവേളകളിൽ മന്ത്രിതലയോഗം ചേരാറുണ്ട്. പ്രവൃത്തിയുടെ പുരോഗതി നേരിട്ട് മനസ്സിലാക്കുവാൻ മന്ത്രിതലസംഘം സന്ദർശനം നടത്തുകയും ചെയ്യുന്നു. ജില്ലാ കളക്ടറുടെ നേതൃത്വത്തിനും ദേശീയ പാതാവികസന പദ്ധതികൾക്ക് കൃത്യമായ സഹായങ്ങൾ നൽകി വരുന്നു. ജില്ലയിലെ പദ്ധതിയുടെ ഏകോപനത്തിനായി Deputy collector നെ നോഡൽ ഓഫീസറായി നിയമിക്കുകയും ചെയ്തു.<br><br>NH766 ന്റെ വികസന പ്രവൃത്തികൾ പൊതുമരാമത്ത് ദേശീയപാത വിഭാഗമാണ് നടപ്പിലാക്കുന്നത്. ദേശീയപാത 766 2L/4L ആയി വികസിപ്പിക്കുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിനായി കോഴിക്കോട് മുതൽ പുതുപ്പാടി വരെയുള്ള ഭാഗം M/s Mukesh Associates നേയും പുതുപ്പാടി മുതൽ മുത്തങ്ങ വരെയുള്ള ഭാഗം M/s L&T ഇൻഫ്രാസ്ട്രക്ചർ എഞ്ചിനീയർ ലിമിറ്റ് എന്ന കൺസൾട്ടന്റിനേയും 2017 ൽ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആരംഭത്തിൽ നടപ്പാതകളോട്ടു കൂടി രണ്ട് വരിപ്പാതയായി വികസിപ്പിക്കുന്നതിനായിരുന്നു വിഭാവനം ചെയ്തിരുന്നത്. ആയതിനുള്ള അലൈൻമെന്റ് കൺസൾട്ടന്റ് തയ്യാറാക്കി നൽകിയത് അംഗീകരിക്കുകയും ആയത് പ്രകാരം 3(a) ഗസറ്റ് നോട്ടിഫിക്കേഷനും 3(A) നോട്ടിഫിക്കേഷനും പ്രസിദ്ധീകരിക്കുകയും 3(D) യുടെ പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | നടന്നു വരുകയുമായിരുന്നു. എന്നാൽ നിലവിലെ ട്രാഫിക്ക് കണക്കിലെടുത്ത് 4 വരിപ്പാതയായി വികസിപ്പിക്കുന്നതിന് തീരുമാനിക്കുകയും അത് പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കി അംഗീകാരത്തിനായി കേന്ദ്രത്തിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തികൾ വേഗത്തിൽ ആക്കുന്നതിനായി കൺസൾട്ടന്റുമാരെയും ഉദ്യോഗസ്ഥരേയും ഉൾക്കൊള്ളിച്ച് കൊണ്ടുള്ള യോഗങ്ങൾ നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) | എങ്കിൽ പ്രവൃത്തി വേഗത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | എ പിരിവിന്റെ അതേ മറുപടി |
| (സി) | പ്രസ്തുത ജില്ലയിലെ ദേശീയപാത വികസനത്തിന്റെ പുരോഗതി വ്യക്തമാക്കാമോ? | (സി) | എ പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ

**Annexure-A**

| Sl no : | Name of Project | Length in Km | Physical Progress as on September - 2024 |
|---|---|---|---|
| 1. | Six laning of Kozhikode Bypass from Vengalam Jn to Ramanattukara Jn.(Km 230.400 to Km. 258.800)(Design Chainage) in the State of Kerala (NH-66) | 28.400 | 76.23 %(Under construction) |
| 2. | Construction of Six lane Minor Bridge (Paloli Palam) at Km 203.160, Major Bridge (Moorad) at Km 204.895 & allied works like 6 lane Main Carriageway with Service Road for the section Km.203.000 to Km.205.100 (length of 2.1 Km) of NH-17 (New NH-66) under Bharatmala Pariyojna in the State of Kerala on EPC mode. | 2.100 | Work completed on 30 June 2024 |
| 3. | Six Laning of Azhiyur to Vengalam section from Ch. 189.200 (existing km 188.000) to Ch. 232.100 (existing Km 230.400) (Total length 40.8 km) in the State of Kerala on Hybrid annuity Mode under Bharatmala Pariyojna. (NH-66) | 40.800 | 47.83 % (Under construction) |
| 4. | Four-Laning of Thalassery - Mahe Bypass section of NH-17(New NH-66) from Km.170.600 (Design Chainage 170.600) to Km. 188.000(Design Chainage Km. 189.200) under NHDP Phase-III on EPC mode in the State of Kerala. | 18.600 (2.7 Km in Kozhikode distict) | Provisional Completion Certificate issued with effect from 01.03.2024 |

**Annexure-A**

| Sl no : | Name of Project | Length in Km | Physical Progress as on September - 2024 |
|---|---|---|---|
| 1. | Six laning of Kozhikode Bypass from Vengalam Jn to Ramanattukara Jn.(Km 230.400 to Km. 258.800)(Design Chainage) in the State of Kerala (NH-66) | 28.400 | 76.23 %(Under construction) |
| 2. | Construction of Six lane Minor Bridge (Paloli Palam) at Km 203.160, Major Bridge (Moorad) at Km 204.895 & allied works like 6 lane Main Carriageway with Service Road for the section Km.203.000 to Km.205.100 (length of 2.1 Km) of NH-17 (New NH-66) under Bharatmala Pariyojna in the State of Kerala on EPC mode. | 2.100 | Work completed on 30 June 2024 |
| 3. | Six Laning of Azhiyur to Vengalam section from Ch. 189.200 (existing km 188.000) to Ch. 232.100 (existing Km 230.400) (Total length 40.8 km) in the State of Kerala on Hybrid annuity Mode under Bharatmala Pariyojna. (NH-66) | 40.800 | 47.83 % (Under construction) |
| 4. | Four-Laning of Thalassery - Mahe Bypass section of NH-17(New NH-66) from Km.170.600 (Design Chainage 170.600) to Km. 188.000(Design Chainage Km. 189.200) under NHDP Phase-III on EPC mode in the State of Kerala. | 18.600 (2.7 Km in Kozhikode distict) | Provisional Completion Certificate issued with effect from 01.03.2024 |